## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3557 19.02.2013-ൽ മറുപടിക്ക്

### സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ഓഫീസുകളും വകുപ്പുകളും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഇപ്പോൾ നിലവിലുള്ള വകുപ്പുകളും ഓഫീസുകളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2012 നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ നിയമത്തിന്റെ പ്രാരംഭം മുതൽ ആറു മാസത്തിനകം, ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും, ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ, ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. ഇപ്രകാരം ചുവടെപ്പറയുന്ന 20 സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ പ്രസ്തുത ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1 വനം-വന്യജീവി വകുപ്പ്<br>2 ട്രഷറി വകുപ്പ്<br>3 കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ<br>4 പട്ടികജാതി വികസന വകുപ്പ്, സെക്രട്ടേറിയേറ്റ് |

5 പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ സ്ക്രൂട്ടിനി കമ്മിറ്റി

6 പട്ടിക ജാതി വികസന വകുപ്പ്

7 പട്ടിക ജാതി - പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ

8 എക്സൈസ് വകുപ്പ്

9 ലോട്ടറി വകുപ്പ്

10 രജിസ്ട്രേഷൻ വകുപ്പ്

11 വാണിജ്യ നികുതി വകുപ്പ്

12 സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വകുപ്പ്, സെക്രട്ടേറിയറ്റ്.

13 സൈനിക ക്ഷേമ വകുപ്പ്

14 സിവിൾ സപ്ലൈസ് വകുപ്പ്

15 പോലീസ് വകുപ്പ്

16 ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, സെക്രട്ടേറിയറ്റ്.

17 വിവര സാങ്കേതിക വകുപ്പ്, സെക്രട്ടേറിയറ്റ്.

18 റവന്യൂ വകുപ്പ്

19 കോളേജ് വിദ്യാഭ്യാസ വകുപ്പ്.

20 കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്.

23.11.2012-ലെ 21145/AR12(1)/12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരവും 20.12.2012-ലെ 14944/AR.12(1)/12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരവും ഇനിയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത എല്ലാ വകുപ്പുകളോടും/ സ്ഥാപനങ്ങളോടും സേവനാവകാശ നിയമം 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ട സേവനങ്ങൾ, ടി നിയമം 3-ാം വകുപ്പ് പ്രകാരം അടിയന്തിരമായി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുമുണ്ട്.

| | |
|---|---|
| (ബി) ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ ഓഫീസുകളിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി സെക്രട്ടറിതല ചർച്ചകൾ നടത്തുകയും, വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി 01.09.2011-ൽ ഒരു പ്രാഥമിക ചർച്ചയും 22.10.2012-ൽ വിശദമായ ചർച്ചയും നടത്തിയിട്ടുണ്ട്. |
| (സി) ഈ നിയമം നടപ്പിലാക്കുന്നതുമൂലം ജനങ്ങൾക്ക് ഓരോ വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും അവയുടെ കാലയളവുകളും എത്രയെന്ന് വിശദമാക്കുമോ ? | (സി) ഈ നിയമം നടപ്പിലാക്കിവരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ